**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4932** **27.10.2016 -ൽ മറുപടി നൽകേണ്ടിയിരുന്നത്**

## സർക്കാർ ഭൂമിയിലെ അനധികൃത കയ്യേറ്റം

| ചോദ്യം | | മറുപടി |
|---|---|---|
| | ശ്രീ. വി. പി. സജീന്ദ്രൻ<br>ശ്രീ. പി. ടി. തോമസ്<br>ശ്രീ. റോജി.എം. ജോൺ<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) | സർക്കാർ ഭൂമിയിലെ അനധികൃത കൈയ്യേറ്റം ഒഴിപ്പിക്കണമെന്ന നിർദ്ദേശം പ്രാവർത്തികമാക്കിയിട്ടുണ്ടോ ; | **സർക്കാർ ഭൂമിയിലെ കൈയേറ്റം ഒഴിപ്പിക്കണമെന്ന നിർദ്ദേശം എല്ലാ ജില്ലകളിലും പ്രവർത്തികമാക്കി വരുന്നു.** |
| (ബി) | അതിന്റെ അടിസ്ഥാനത്തിൽ എത്ര കൈയ്യേറ്റം ഒഴിപ്പിച്ചുവെന്നും എത്ര ഭൂമി കഴിഞ്ഞ നാല് മാസത്തിനുള്ളിൽ സർക്കാർ തിരിച്ച് പിടിച്ചുവെന്നും വ്യക്തമാക്കുമോ; | **വിവിധ ജില്ലകളിലായി 17 കൈയേറ്റങ്ങൾ ഒഴിപ്പിച്ചിട്ടുണ്ട്. കഴിഞ്ഞ 4 മാസത്തിനുള്ളിൽ വിവിധ ജില്ലകളിലായി സർക്കാർ തിരിച്ചു പിടിച്ച കൈയേറ്റ ഭൂമിയുടെ വിസ്തീർണം 16.7161 ഹെക്ടർ ആണ്.** |
| (സി) | തിരിച്ച് പിടിച്ച ഭൂമി ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ രജിസ്റ്റർ ചെയ്ത എത്ര പേർക്ക് ഈ സർക്കാർ അധികാരമേറ്റ ശേഷം വിതരണം ചെയ്യുകയുണ്ടായി എന്ന് വ്യക്തമാക്കുമോ? | **ഈ സർക്കാർ അധികാരമേറ്റ ശേഷം ഭൂരഹിതരല്ലാത്ത കേരളം പദ്ധതിയിൽ രജിസ്റ്റർ ചെയ്തവർക്ക് ഭൂമി വിതരണം ചെയ്തിട്ടില്ല** |

**സെക്ഷൻ ഓഫീസർ**